## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.907 08.01.2014-ൽ മറുപടിക്ക്

### കുടിവെള്ള ടാങ്കർ ലോറികൾ

| ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തിരുവനന്തപുരം പട്ടണത്തിലെ ഫ്ലാറ്റുകൾ, ആശുപത്രികൾ തുടങ്ങിയ വൻകിട സമുച്ചയങ്ങളിലേക്ക് ജലം എത്തിക്കുന്ന ടാങ്കർ ലോറികൾ, തിരുവനന്തപുരം - നെടുമങ്ങാട് റോഡിൽ ഗതാഗത തടസ്സം സൃഷ്ടിക്കുന്നതും, റോഡിന്റെ പ്രതലങ്ങളുടെ ബലക്ഷയത്തിന് കാരണമാകുന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട് |
| (ബി) | ഇന്ധന നഷ്ടം, മലിനീകരണ പ്രശ്നം, ഗ്രാമീണ റോഡുകളുടെ സുരക്ഷ എന്നിവ കണക്കിലെടുത്ത്, മുമ്പ് നിലവിലുണ്ടായിരുന്ന വിധം മ്യൂസിയം ഒബ്സർ വേറ്ററിക്ക സമീപമുള്ള വാട്ടർ വർക്സ് വളപ്പിൽ നിന്നും ടാങ്കർ ലോറികൾക്ക് ജലം വിതരണം ചെയ്യുവാൻ സംവിധാനമുണ്ടാക്കുമോ ; | (ബി) | ഒബ്സർ വേറ്ററിക്ക സമീപമുള്ള വാട്ടർ വർക്സ് വളപ്പിൽ നിന്നും നിലവിൽ നഗരസഭ, ഫയർ ഫോഴ്സ്, വാട്ടർ അതോറിറ്റി തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളുടെ ടാങ്കറു കൾക്ക് ജലം നൽകുന്നുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഇവിടെ നിന്നും സ്വകാര്യ ടാങ്കറുകൾക്ക് ജലം വിതരണം ചെയ്യുവാൻ കഴിയുകയില്ല. പുതുതായി ആരംഭിച്ച പി.റ്റി.പി. നഗർ ഫില്ലിംഗ് സ്റ്റേഷനിൽ നിന്നും ചെറിയ ടാങ്കറുകൾക്ക് ജലവിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ